# പതിമൂന്നാം കേരള നിയമസഭ

## (പന്ത്രണ്ടാം സമ്മേളനം)

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 134 01/12/2014-ൽ മറുപടിയ്ക്ക്

## അന്ധകാരനാഴി വടക്കേപ്പാലം നിർമ്മാണം

| ചോദ്യം<br>ശ്രീ. പി. തിലോത്തമൻ: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) അന്ധകാരനാഴി വടക്കേപ്പാലം നിർമ്മാണപ്രവർത്തനങ്ങൾ ഏതുഘട്ടം വരെയായി എന്നു വിശദമാക്കുമോ; ഇതിന്റെ നിർമ്മാണം നിലച്ചിട്ട് എത്ര നാളായി എന്നും എന്തു കാരണത്താലാണ് ഇതിന്റെ നിർമ്മാണം നിലച്ചതെന്നും വ്യക്തമാക്കുമോ; | (എ) 3 സ്പാനുകളുള്ള അന്ധകാരനഴി വടക്കേപ്പാലത്തിന്റെ പൈൽ ഫൗണ്ടേഷനുകളുടെയും പടിഞ്ഞാറ് വശത്തുള്ള സ്പാനിന്റേയും പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കിഴക്കേ സ്പാനിന്റെ ബീമിന്റെ കമ്പി പണി പൂർത്തീകരിക്കുകയും ഡെക്ക് സ്ലാബിന്റെ ഷട്ടറിംഗ് പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.<br><br>ടി പ്രവൃത്തി 18/12/2009-ൽ കരാറിലേർപ്പെട്ട് ആരംഭിച്ചുവെങ്കിലും പ്രവർത്തിയിൽ പുരോഗതി ഇല്ലാതിരുന്നതിനാൽ 17/10/2011-ൽ കരാർ റദ്ദ് ചെയ്യുകയും പ്രവർത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർക്രമീകരിക്കുകയും ചെയ്തു. 01/07/2014-ൽ പടിഞ്ഞാറു വശത്തെ സ്പാനിന്റെ പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം പൊഴി മുറിഞ്ഞു കിടന്നതിനാലുള്ള വെള്ളത്തിന്റെ തള്ളൽമൂലം കിഴക്കേ ബണ്ട് തകർന്നതിനാലും സൈറ്റിലുണ്ടായ തൊഴിൽ പ്രശ്നം മൂലവും ഈ സാമ്പത്തിക വർഷം പ്രവർത്തിയ്ക്കായി ബഡ്ജറ്റിൽ തുക വകകൊള്ളിക്കാത്തതിനാൽ പാർട്ട് ബില്ലിന് പേയ്മെന്റ് നൽകുവാനുള്ള കാലതാമസം മൂലം കരാറുകാരനുണ്ടായ സാമ്പത്തിക ബുദ്ധിമുട്ടു മൂലവും 3 മാസത്തോളം പ്രവൃത്തി നിർത്തി വയ്ക്കേണ്ടതായി വന്നു. |
| (ബി) അന്ധകാരനാഴി വടക്കേപ്പാലത്തിന്റെ നിർമ്മാണം എന്ന് പൂർത്തിയാക്കാനാണ് തീരുമാനിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ; ഇതിനായി എന്ത് തുകയാണ് അനുവദിച്ച തെന്ന് വ്യക്തമാക്കുമോ; | (ബി) പുനർ ഏർപ്പാടാക്കിയ കരാർ ഉടമ്പടി പ്രകാരം 01/09/2013-ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. പ്രവർത്തിയുടെ ഭരണാനുമതി തുക 635 ലക്ഷം രൂപയാണ്. ഈ സാമ്പത്തിക വർഷം പ്രവർത്തിയ്ക്കായി തുക വകയിരുത്തിയിട്ടില്ല. എസ്.ഡി.ജി യിൽ കുടിശ്ശിക ബില്ലിനുള്ള തുക ആവശ്യപ്പെട്ടിട്ടുണ്ട്. ഈ സാമ്പത്തിക വർഷം പ്രവർത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) അന്ധകാരനാഴി വടക്കേപ്പാലത്തിന്റെ നിർമ്മാണത്തിലെ തടസ്സം എന്താണെന്നു വ്യക്തമാക്കുമോ; ഇതിന്റെ നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) പാലം പണിയുന്നതിന് നിലവിൽ തടസ്സം ഒന്നുമില്ല. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ